Draft #3 of File 3272/1/2022/Election. Approved by Registrar on 01-Jul-2022 08:51 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നം.3272/1/2022/Election. തീയതി: 01.07.2022

**വിജ്ഞാപനം**

വിഷയം: മഹാത്മാഗാന്ധി സർവ്വകലാശാലാ യൂണിയൻ ജനറൽ കൗൺസിൽ 2021-2022 പുനഃസംഘടിപ്പിച്ചത് - സംബന്ധിച്ച്

സൂചന: സർവ്വകലാശാലാ ആക്റ്റ് 1985 അദ്ധ്യായം 3, 10 (17) ൽ നൽകുന്ന അധികാരം ഉപയോഗിച്ച് ബഹു. വൈസ് ചാൻസലറുടെ 30.06.22 ലെ ഉത്തരവ്.

കോളേജ് യൂണിയൻ തെരഞ്ഞെടുപ്പ് സംബന്ധിച്ച 19.02.2022 ലെ സർവ്വകലാശാല റഗുലേഷൻ പാർട്ട് B, 1 പ്രകാരം സർവകലാശാലയിലെ അഫിലിയേറ്റഡ് അഫിലിയേറ്റഡ് കോളേജുകൾ, സർവ്വകലാശാല പഠന വകുപ്പുകൾ എന്നിവയിൽ നിന്നും 2021-22 അധ്യയന കാലഘട്ടത്തിൽ സർവ്വകലാശാലാ യൂണിയൻ കൗൺസിലർമാരായി തെരഞ്ഞെടുക്കപ്പെട്ടവരെ ഉൾപ്പെടുത്തിക്കൊണ്ട്, 2021-2022 വർഷത്തേയ്ക്കുള്ള സർവ്വകലാശാലാ യൂണിയൻ ജനറൽ കൗൺസിൽ പുനഃസംഘടിപ്പിച്ച്കൊണ്ടും, പ്രൊഫോർമകൾ നാളിതുവരെ സമർപ്പിക്കാത്ത വിദ്യാർത്ഥിപ്രതിനിധികൾ നിശ്ചിത സമയ പരിധിക്കകം ആയത് സമർപ്പിക്കുന്ന പക്ഷം അവരെക്കൂടി ഉൾപ്പെടുത്തികൊണ്ട് ജനറൽ കൗൺസിൽ വിപുലീകരിക്കുന്നതിനുള്ള അനുമതി നൽകിയും, സർവ്വകലാശാലാ ആക്റ്റ് 1985 അദ്ധ്യായം 3.10.(17) ൽ നൽകുന്ന അധികാരം ഉപയോഗിച്ച് 30.06.2022 ന ബഹു. വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

ജനറൽ കൗൺസിൽ അംഗങ്ങളുടെ ഔദ്യോഗിക കാലാവധി ഈ വിജ്ഞാപന തീയതി മുതൽ ഒരു വർഷം അല്ലെങ്കിൽ അടുത്ത ജനറൽ കൗൺസിൽ പുനഃസംഘടന, ഇവയിൽ ഏതാണോ ആദ്യം സംഭവിക്കുന്നത് അതുവരെയായിരിക്കും. ജനറൽ കൗൺസിൽ അംഗങ്ങളുടെ വിവരങ്ങൾ അടങ്ങിയ പ്രാഥമിക പട്ടികയിൽ ഭേദഗതികൾ വേണ്ട പക്ഷം സർവ്വകലാശാലാ യൂണിയൻ 2021-2022 ന്റെ തെരഞ്ഞെടുപ്പ് വിജ്ഞാപനപ്രകാരമുള്ള നിശ്ചിത സമയ പരിധിക്കകം പരാതികൾ സർവ്വകലാശാലാ രജിസ്ട്രാറേയോ/ വരണാധികാരിയെയോ രേഖാമൂലം അറിയിക്കാവുന്നതാണ്.

**ഡോ.പ്രകാശ് കുമാർ .ബി**
രജിസ്ട്രാർ

പകർപ്പ്:

1. വി.സി/ പിവിസി എന്നിവരുടെ പേർസണൽ സെക്രട്ടറിമാർ .
2. രജിസ്ട്രാർ / ഫിനാൻസ് ഓഫീസർ / പരീക്ഷാ കൺട്രോളർ എന്നിവരുടെ പി എ മാർ
3. ഡി എസ് എസ്.
4. പി ആർ ഒ /കണ്ടെന്റ് മാനേജ്മെന്റ് സെക്ഷനുകൾ
5. സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി .